# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ജൂലൈ 30, വെള്ളിയാഴ്ച

**നമ്പർ 19**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ രാജി ആവശ്യമുന്നയിച്ചുകൊണ്ട് പ്രതിപക്ഷ നേതാവ് ഒരു പ്രസ്താവന നടത്തുകയും തുടർന്ന് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും സഭാ നടപടികൾ തടസ്സപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. മുഖ്യമന്ത്രിയുടെ മറുപടിക്കുശേഷം പ്രതിപക്ഷാംഗങ്ങൾ തുടർന്നുള്ള സഭാ നടപടികൾ ബഹിഷ്കരിച്ചു.)

ശ്രദ്ധ ക്ഷണിക്കൽ :

(1) അസംഘടിത തൊഴിൽ മേഖലയിൽ കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേക പുനരുദ്ധാരണ പാക്കേജിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1174/2021 (i).

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ഡോ. കെ.ടി. ജലീൽ | പ്ലസ് ടു വിദ്യാർത്ഥികളുടെ സ്പെഷ്യൽ ഫീസ് ഒഴിവാക്കുന്നതിന് നടപടി | പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി |
| 2 | ശ്രീ. ഇ. കെ. വിജയൻ | കുറ്റ്യാടി - പക്രംതളം - മാനന്തവാടി ചുരം റോഡ് വികസനം | പൊതുമരാമത്തും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി |
| 3 | ശ്രീ. ഐ. ബി. സതീഷ് | കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനം | ഗതാഗത വകുപ്പുമന്ത്രി |

അതാതു വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന :

കോവിഡ് രണ്ടാം തരംഗത്തിന്റെ പ്രത്യാഘാതമനുഭവിക്കുന്നവർക്ക് സഹായകരമായ കോവിഡ് സമാശ്വാസ പാക്കേജ് സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ചട്ടം 300 അനുസരിച്ച് താഴെപ്പറയുന്ന പ്രസ്താവന നടത്തി:

"കോവിഡ് രണ്ടാംതരംഗത്തെ തുടർന്ന് അനിവാര്യമായി കൈക്കൊള്ളേണ്ടിവന്ന ലോക്ക്ഡൗണും മറ്റ് നടപടികളും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ബാധിച്ചിട്ടുണ്ട്. ചെറുകിട വ്യാപാരികൾ, ചെറുകിട വ്യവസായികൾ തുടങ്ങിയവർ പ്രത്യേകിച്ച് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്.

ഘട്ടംഘട്ടമായി ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ കോവിഡ് വ്യാപന നിരക്ക് വിലയിരുത്തി ലഘൂകരിക്കുന്നുണ്ടെങ്കിലും ചെറുകിടക്കാർക്ക് സാമ്പത്തികാശ്വാസ നടപടികൾ എത്തിക്കേണ്ടതുണ്ടെന്ന് സംസ്ഥാന സർക്കാർ കരുതുന്നു. കോവിഡ് വ്യാപനത്തിന്റെ രണ്ട് ഘട്ടങ്ങളിലും സമാശ്വാസ പാക്കേജുകൾ സംസ്ഥാന സർക്കാർ മുന്നോട്ടുവച്ചിരുന്നു. ക്ഷേമ പെൻഷനുകൾ കൃത്യമായി വിതരണം ചെയ്യുകയും വായ്പകൾക്ക് പലിശയിളവ് നൽകുകയും ചെയ്യുന്ന നടപടികൾ ഇതിന്റെ ഭാഗമായി സ്വീകരിച്ചിരുന്നു.

കോവിഡ് രണ്ടാം തരംഗത്തിന്റെ പ്രത്യാഘാതമനുഭവിക്കുന്ന ചെറുകിട വ്യാപാരികൾ, വ്യവസായികൾ, കൃഷിക്കാർ എന്നിവരുൾപ്പെടെയുള്ളവർക്ക് സഹായകരമായ അനുബന്ധ പാക്കേജ് പ്രഖ്യാപിക്കുകയാണ്.

ഇതിന്റെ ഭാഗമായി കേന്ദ്ര-സംസ്ഥാന ധനകാര്യസ്ഥാപനങ്ങൾ, സംസ്ഥാന ധനകാര്യസ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്നും എടുക്കുന്ന 2 ലക്ഷമോ അതിൽ താഴെയോ ഉള്ള വായ്പകളുടെ പലിശയുടെ 4 ശതമാനം വരെ സംസ്ഥാന സർക്കാർ ആറുമാസത്തേക്ക് വഹിക്കുന്നതാണ്. ആകെ 2,000 കോടി രൂപ വലിപ്പമുള്ള വായ്പാ പദ്ധതിക്കുള്ള പലിശയിളവാണിത്. ഒരു ലക്ഷം പേർക്ക് ഇതിന്റെ പ്രയോജനം ഉണ്ടാകണമെന്ന് ലക്ഷ്യമിടുന്നു. ആഗസ്റ്റ് ഒന്നു മുതൽ എടുക്കുന്ന വായ്പകൾക്ക് ഈ പലിശയിളവ് ബാധകമാക്കാവുന്നതാണ്.

അതിനോടൊപ്പം സർക്കാർ വാടകയ്ക്ക് നൽകിയ കടമുറികളുടെ വാടക ജൂലൈ മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിലേക്ക് ഒഴിവാക്കുകയാണ്.

ചെറുകിട വ്യാപാര-വ്യവസായ സ്ഥാപനങ്ങൾക്ക് (എം.എസ്.എം.ഇ.) കെട്ടിടനികുതി ജൂലൈ മുതൽ ഡിസംബർ വരെയുള്ള കാലയളവിലേക്ക് ഒഴിവാക്കുകയാണ്. ഈ സ്ഥാപനങ്ങൾക്ക് ഈ കാലയളവിൽ ഇലക്ട്രിസിറ്റി ഫിക്സഡ് ചാർജ്ജും സർക്കാർ വാടകയും ഒഴിവാക്കുന്നതാണ്.

## കെ.എസ്.എഫ്.ഇ.

കെ.എസ്.എഫ്.ഇ. കോവിഡ് കാരണം സാമ്പത്തിക പ്രതിസന്ധിയിലായവർക്ക് ആശ്വാസം നൽകുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കും. 20-1-2021 മുതൽ default ആയ കെ.എസ്.എഫ്.ഇ. നൽകിയ എല്ലാ ലോണുകളുടെയും പിഴപ്പലിശ സെപ്തംബർ 30 വരെ ഒഴിവാക്കി നൽകും. ചിട്ടിയുടെ കുടിശ്ശികക്കാർക്ക് കാലാവധി അനുസരിച്ച് സെപ്റ്റംബർ 30 വരെയുള്ള അമ്പതു മുതൽ നൂറുശതമാനം വരെ പലിശയും പിഴപലിശയും ഒഴിവാക്കി നൽകും. 20-1-2021 മുതൽ default ആയ ചിട്ടി പിടിക്കാത്ത ചിറ്റാളന്മാർക്ക് പലിശയും പിഴപലിശയും ഒഴിവാക്കി നൽകും. 30-9-2021 വരെ ചിട്ടിപിടിച്ച ചിറ്റാളന്മാർക്ക് ഡിവിഡന്റ് നഷ്ടപ്പെട്ടില്ല. കോവിഡ് ബാധിച്ച കുടുംബങ്ങൾക്ക് നൽകുന്ന അഞ്ചുശതമാനം നിരക്കിൽ ഒരു ലക്ഷം രൂപ വരെ ലോണിന്റെ കാലാവധിയും 30-9-2021 വരെ നീട്ടുന്നു.

## കെ.എഫ്.സി.

കോവിഡ് പശ്ചാത്തലത്തിൽ വ്യവസായ പുനരുജ്ജീവനത്തിനായി കെ.എഫ്.സി. വഴി മൂന്ന് പദ്ധതികൾ പ്രഖ്യാപിക്കുകയാണ്. ജൂലൈയിൽ പ്രഖ്യാപിച്ച പദ്ധതികൾക്ക് പുറമെയാണിത്.

1. സ്റ്റാർട്ടപ്പ് കേരള പദ്ധതി

ഒരു കോടി രൂപ വരെ കൊളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ വായ്പ അനുവദിക്കുന്ന 'സ്റ്റാർട്ടപ്പ് കേരള' വായ്പാ പദ്ധതി, ഇതിനായി കെ.എഫ്.സി. 50 കോടി രൂപ മാറ്റിവയ്ക്കും.

2. വ്യവസായ എസ്റ്റേറ്റിലെ സംരംഭങ്ങൾക്കുള്ള പ്രത്യേക വായ്പാ പദ്ധതി

സംസ്ഥാനത്തെ വിവിധ വ്യവസായ എസ്റ്റേറ്റുകളിലെ സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുന്ന പ്രത്യേക വായ്പാപദ്ധതി. 20 കോടി വരെ ഒരു സംരംഭത്തിന് അനുവദിക്കുന്ന ഈ പദ്ധതിയിൽ, 500 കോടി രൂപ മാറ്റിവയ്ക്കും.

3. മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതി രണ്ടാം ഭാഗം

നിലവിലെ മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതിയെ പുനരാവിഷ്കരിക്കും. ഒരു കോടി വരെ 5% പലിശയിൽ വായ്പ നൽകുന്ന ഈ പദ്ധതിയിൽ ഒരു വർഷം 500 സംരംഭം എന്ന കണക്കിൽ, അടുത്ത അഞ്ച് വർഷം കൊണ്ട് 2500 പുതിയ വ്യവസായ യൂണിറ്റുകൾക്ക് വായ്പ അനുവദിക്കും. 50 വയസ്സിൽ താഴെയുള്ള യുവസംരംഭകർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. വർഷംതോറും 2000 പുതു സംരംഭകരെ കണ്ടെത്തി അവർക്ക് വേണ്ട പരിശീലനം നൽകി അതിൽ പ്രാപ്തരായവരെ കണ്ടെത്തിയാണ് വായ്പ അനുവദിക്കുക.

നിലവിൽ കോവിഡ്-19-ന്റെ രണ്ടാം തരംഗംമൂലം തുടരുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, ചെറുകിട വ്യവസായങ്ങൾ, ആരോഗ്യപരിപാലനം, ടൂറിസം എന്നീ മേഖലകളിലുള്ള യൂണിറ്റുകളെ സഹായിക്കുന്നതിനായി വിവിധ നടപടികൾ കെ.എഫ്.സി. കൈക്കൊണ്ടുവരുന്നു.

1. ഒരു വർഷം മോറട്ടോറിയം

കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും വായ്പ എടുത്ത് 2021 മാർച്ച് 31 വരെ തിരിച്ചടവ് കൃത്യമായിരുന്ന ചെറുകിട സംരംഭകരുടെ വായ്പകൾക്ക് ബഡ്ജറ്റിൽ പറഞ്ഞതനുസരിച്ച് ഒരു വർഷത്തെ മോറട്ടോറിയം അനുവദിക്കും. മുതൽ തുകയ്ക്ക് 1-7-2021-ൽ തുടങ്ങി ഒരു വർഷത്തേക്കാണ് അവധി. 820 വായ്പകൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും.

2. വായ്പകളുടെ പുനഃക്രമീകരണം

സംരംഭകരുടെ നിലവിലുള്ള വായ്പകൾ റിസർവ് ബാങ്ക് (RBI) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നിഷ്ക്രിയ ആസ്തി ആകാതെ പുനഃക്രമീകരണം ചെയ്തു നൽകുന്നതുമാണ്. ഇതിനായി ചാർജ്ജുകളോ അധിക പലിശയോ ഈടാക്കുന്നതല്ല. 3000 ത്തോളം വായ്പകൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും.

3. കെ.എഫ്.സി. സംരംഭങ്ങൾക്ക് 20% അധിക വായ്പ

കോവിഡിന്റെ രണ്ടാം തരംഗത്തിൽ വീണ്ടും പ്രതിസന്ധിയിലായ ടൂറിസം, ചെറുകിട മേഖലകളിലെ വ്യവസായങ്ങൾക്കും സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത് പോലെ 20 ശതമാനം കൂടി അധിക വായ്പ വീണ്ടും അനുവദിക്കും. അതായത് കഴിഞ്ഞ വർഷം അനുവദിച്ച 20 ശതമാനം ഉൾപ്പെടെ 40 ശതമാനം അധിക വായ്പ.

ബാങ്കുകളെപ്പോലെ കേന്ദ്ര സർക്കാരിന്റെ ഗ്യാരന്റി ലഭിക്കാത്തതിനാൽ കെ.എഫ്.സി. സ്വന്തം നിലക്കാണ് ഈ പദ്ധതി രൂപീകരിച്ചത്. പദ്ധതിയിൽ മുതൽ തിരിച്ചടവിനു 24 മാസത്തെ സാവകാശം നൽകും. എന്നാൽ ഈ കാലയളവിലും പലിശ അടയ്ക്കേണ്ടതിനാൽ, വായ്പയിൽനിന്നും ഇത് തിരിച്ചടയ്ക്കുവാനുള്ള സൗകര്യവും ഈ പദ്ധതിയിലുണ്ട്. 400 സംരംഭങ്ങൾക്ക് ഈ ആനുകൂല്യം ലഭിക്കും. കെ.എഫ്.സി ഇതിനായി 450 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

4. കോവിഡ് പ്രതിരോധത്തിൽ ഏർപ്പെട്ടിട്ടുള്ള വ്യവസായങ്ങൾക്കുള്ള സഹായം

കോവിഡ് രോഗവ്യാപനം തടയാനും രോഗികൾക്ക് ആശ്വാസം നൽകുവാനും സഹായിക്കുന്ന ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്കായി ഉദാര വ്യവസ്ഥയിൽ പദ്ധതി ചെലവിന്റെ 90 ശതമാനം വരെ വായ്പ നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആരോഗ്യ പരിപാലന രംഗത്ത് കോവിഡ് പ്രതിരോധത്തിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ മേഖലകൾക്കും പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

50 ലക്ഷം വരെയുള്ള വായ്പകൾ മുഖ്യമന്ത്രിയുടെ സംരംഭകത്വ പദ്ധതിയിൽ ഉൾപ്പെടുത്തി 7% പലിശയിലാണ് നൽകുന്നത്. 5 വർഷമായിരിക്കും വായ്പാ കാലാവധി. കൂടുതൽ തുകയുടെ ലോണുകളിൽ 50 ലക്ഷം വരെ 7 ശതമാനത്തിലും അതിനു മുകളിൽ റേറ്റിംഗ് അടിസ്ഥാനമാക്കിയും ആണ് പലിശ ഈടാക്കുന്നത്. 10 വർഷം വരെ തിരിച്ചടവ് കാലാവധിയുണ്ട്. 50 സംരംഭങ്ങൾക്കായി 100 കോടി രൂപ ഇതിനായി മാറ്റി വെയ്ക്കും.

5. പലിശയിളവ്

പലിശ നിരക്ക് കുറച്ച് ചെറുകിട വ്യവസായങ്ങൾ, ആരോഗ്യപരിപാലനം, ടൂറിസം എന്നീ വിഭാഗങ്ങൾക്കുള്ള പലിശയിൽ കെ.എഫ്.സി. വൻ ഇളവ് വരുത്തി. കുറഞ്ഞ പലിശ 9.5 ശതമാനത്തിൽനിന്നും 8 ശതമാനമായി കുറഞ്ഞു. ഉയർന്ന പലിശ 12 ശതമാനത്തിൽനിന്നും 10.5 ശതമാനമായി കുറഞ്ഞു. റേറ്റിംഗ് അടിസ്ഥാനമാക്കിയാണ് പലിശ നിർണ്ണയിക്കുന്നത്.

കുറഞ്ഞ പലിശയുടെ ആനുകൂല്യം 2021 ജൂലൈ 1 മുതൽ എല്ലാ ഇടപാടുകാർക്കും ലഭ്യമാക്കിയിട്ടുണ്ട്. മാത്രമല്ല കഴിഞ്ഞ വർഷം പോളിസി മാറ്റങ്ങളെ തുടർന്ന് ഈടാക്കിയ അധിക പലിശ ഇടപാടുകാർക്ക് തിരികെ നൽകും.

ഇതിനെല്ലാം പുറമെയാണ് രണ്ടു മാസത്തെ ക്ഷേമ പെൻഷൻ ഓഗസ്റ്റ് മാസം ഒരുമിച്ച് നൽകുന്നത്. ഇതുവഴി 1700 കോടി രൂപ ജനങ്ങളുടെ കൈയിൽ നേരിട്ട് എത്തും. ഇതിനു പുറമേ ഓണത്തിന് അനുവദിക്കുന്ന സ്പെഷ്യൽ ഭക്ഷ്യക്കിറ്റിന് 526 കോടി രൂപ ചെലവാക്കും."

അനൗദ്യോഗികാംഗങ്ങളുടെ കാര്യം :

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(2) സാമാന്യമായി പൊതുതാത്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ :

(i) ശ്രീ. എം. വിജിൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു:

"വിജ്ഞാനം പകർന്നു നല്കുന്നതോടൊപ്പം ജ്ഞാന നിർമ്മിതി കൂടി നടക്കേണ്ടതാണ് ഉന്നത വിദ്യാഭ്യാസ രംഗം. ശ്രേണീബദ്ധമായ സമൂഹത്തിലെ യുവതയ്ക്ക് കടമ്പകൾ മറികടക്കാൻ വേണ്ട അവസരം ലഭ്യമാക്കുകയെന്നത് ഉന്നത വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യമാകേണ്ടതാണ്. ജനായത്ത സമൂഹസൃഷ്ടിയുടെ മൂലക്കല്ലാകണം ഉന്നത വിദ്യാഭ്യാസം. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിജ്ഞാനാർജ്ജനത്തിനും നൈപുണിശേഷി വികസനത്തിനും സാംസ്കാരിക വികാസത്തിനുമുള്ള കേന്ദ്രങ്ങളാക്കി വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെയാകണം വിദ്യാഭ്യാസ നയം രൂപീകരിക്കേണ്ടത്.

പൊതുലിസ്റ്റിൽ (കൺകറന്റ് ലിസ്റ്റ്) പെടുന്ന വിദ്യാഭ്യാസത്തെക്കുറിച്ചുള്ള നയ രൂപീകരണം അനിവാര്യമായും സംസ്ഥാനങ്ങളുമായും അക്കാദമിക സമൂഹവുമായും കൂലംകുഷമായ ചർച്ചയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞുവരുന്നതാകണം. ദൗർഭാഗ്യവശാൽ, ദേശീയ വിദ്യാഭ്യാസ നയം 2020, കേന്ദ്രസർക്കാർ ഫെഡറൽ തത്വങ്ങളെ അവഗണിച്ചുകൊണ്ടാണ് രൂപീകരിച്ചിട്ടുള്ളത്.

രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ പട്ടികജാതികളിലും പട്ടികഗോത്രങ്ങളിലും പിന്നാക്ക ജാതികളിലുംപെട്ട പാർശ്വവൽകൃതർക്ക് പങ്കാളിത്തം ഉറപ്പാക്കുന്നതിന് വേണ്ട സംവരണം പ്രസ്തുത നയത്തിൽ വിഭാവനം ചെയ്യാത്തത് ആശങ്കാജനകമാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യവല്കരണം പ്രോത്സാഹിപ്പിക്കുന്നത് പാർശ്വവൽകൃതരെ മുഖ്യധാരയിൽ നിന്ന് പുറന്തള്ളുമെന്നത് അവിതർക്കിതമാണ്. 'Tenure Track' എന്ന പേരിൽ അദ്ധ്യാപക നിയമനം താല്ക്കാലിക കരാർ അടിസ്ഥാനത്തിലാക്കുന്നത് ദീർഘകാല അദ്ധ്യാപന പരിചയത്തിലൂടെയും നിരന്തര ഗവേഷണത്തിലൂടെയും സ്വയംനവീകരണ പ്രക്രിയയിലൂടെയും മികവിന്റെ പാത കൈവരിക്കുന്നതിന് വിഘാതമാണ്. ഇത് അദ്ധ്യാപന, ഗവേഷണ നിലവാരം ഇടിച്ചുതാഴ്ത്താൻ വഴിവയ്ക്കും. ഉന്നത വിദ്യാഭ്യാസ മേഖലയെ പിന്നോട്ടടിപ്പിക്കുന്ന

നിലവിലെ ദേശീയ വിദ്യാഭ്യാസ നയം 2020, പിൻവലിച്ച് വിശദമായ ചർച്ചകളുടെയടിസ്ഥാനത്തിൽ രാഷ്ട്രതാല്പര്യം സംരക്ഷിക്കുന്നതിനനുയോജ്യമായ പുതിയ വിദ്യാഭ്യാസ നയം രൂപീകരിക്കണമെന്ന് ഈ സഭ ഏകകണ്ഠമായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. "

ശ്രീ. കെ. എം. സച്ചിൻദേവ് ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു .

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു മറുപടി നൽകി. തുടർന്ന് പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(അനൗദ്യോഗിക പ്രമേയങ്ങളുടെ ലിസ്റ്റിലെ രണ്ടാമത്തെ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല ).

(ii) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു:

" ഭരണഘടനയിലെ 7-ാം പട്ടിക 32-ാം ഇനപ്രകാരം സഹകരണം, സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ മാത്രം വരുന്ന വിഷയമാണ്.

കേന്ദ്രസർക്കാരിന്റെ അതിതീവ്ര സ്വകാര്യവല്ക്കരണനയത്തിന്റെ ഫലമായി ലയനം വഴിയും നേരിട്ടുള്ള സ്വകാര്യവല്ക്കരണം വഴിയും പൊതുമേഖലാ ബാങ്കുകളുടെ സേവനം സാധാരണക്കാർക്ക്, വിശേഷിച്ച് ഗ്രാമവാസികൾക്ക്, അപ്രാപ്യമായിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ കർഷകരുടെയും കാർഷിക മേഖലയുടെയും കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെയും പൊതുവിൽ ദരിദ്രജനവിഭാഗങ്ങളുടെയാകെ ആശ്രയമായ സഹകരണമേഖലയിൽ കേന്ദ്രസർക്കാരിന്റെ ഭരണഘടനാതീതമായ ഇടപെടൽ സഹകാരികളിലാകെ ആശങ്ക പരത്തിയിരിക്കുന്നു. ബഹു. സുപ്രീംകോടതിതന്നെ സഹകരണരംഗത്ത് കേന്ദ്രസർക്കാരിന്റെ ഇടപെടൽ ഭരണഘടനാതീതമെന്ന് അസന്ദിഗ്ദ്ധമായി വ്യക്തമാക്കിയ സാഹചര്യത്തിൽ കേന്ദ്രസർക്കാർ പുതുതായി സഹകരണ മന്ത്രാലയം രൂപീകരിച്ചത് വൈദ്യനാഥൻ കമ്മിറ്റി മുതൽ നടത്തിയ അധികാര ദുർവിനിയോഗം ആവർത്തിക്കുന്നതിനാണെന്ന് സംശയിക്കപ്പെടുമ്പോൾ സഹകരണം പൊതു പട്ടികയിലേക്ക് (കൺകറന്റ് ലിസ്റ്റ്) മാറ്റാൻ നീക്കം നടക്കുന്നുവെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത് സഹകാരികളുടെയും പൊതുജനങ്ങളുടെയാകെയും ആശങ്ക വർദ്ധിപ്പിച്ചിരിക്കുന്നു.

സംസ്ഥാനത്തെ സഹകരണമേഖല കേവലം പണമിടപാടു സ്ഥാപനമല്ല. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളാൽ നിയന്ത്രിക്കപ്പെടുന്ന സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ, വ്യക്തിഗത ആവശ്യങ്ങളെ കൂട്ടായ്മകളിലൂടെ നേരിട്ടാൽ ദാരിദ്ര്യവും പട്ടിണിയുമില്ലാതാക്കാമെന്ന ആഗോള കാഴ്ചപ്പാടിനനുസൃതമായി പ്രവർത്തിക്കുന്ന വയാണ്. അതുകൊണ്ട് കേവലം വായ്പ ഇടപാട് മാത്രമല്ല, പട്ടികജാതി-

പട്ടികഗോത്രങ്ങളിൽപെട്ടവരുടെ ഉന്നമനം, സ്ത്രീശാക്തീകരണത്തിന്റെ അടിത്തറയായ സാമ്പത്തിക സ്വയംപര്യാപ്തത ആർജ്ജിക്കാൻ വഴിതെളിക്കൽ, കൃഷിയെയും കാർഷികാധിഷ്ഠിത വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കൽ, കാർഷികോല്പന്നങ്ങളുടെ വിപണനം, പൊതുവിപണിയിലെ വിലനിയന്ത്രണം തുടങ്ങി ജനജീവിതത്തിലെ സമസ്തമേഖലയിലും ജനോപകാരപ്രദമായി പ്രവർത്തിച്ചുവരികയാണ്. സംസ്ഥാനത്തിന്റെ സുസ്ഥിരവികസനം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണച്ചുമതല, കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് വിരമിച്ചവർക്ക് വേണ്ടിവരുന്ന തുക വായ്പയായി നല്കുക, ബ്ലേഡ് പലിശക്കാരെ ഒഴിവാക്കാൻ 'മുറ്റത്തെ മുല്ല', പ്രളയത്തിൽ ഭവനരഹിതരായവർക്ക് 'കെയർഹോം' പദ്ധതിയിലൂടെ സൗജന്യമായി വീട് നിർമ്മിച്ചു നല്കുക, ഓൺലൈൻ പഠനത്തിന് വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിന് പലിശരഹിതമായി വായ്പ നല്കുക, 'സുഭിക്ഷകേരളം', മുഖ്യമന്ത്രിയുടെ സഹായ വായ്പാ പദ്ധതി, പ്രത്യേക ലിക്വിഡിറ്റി ഫെസിലിറ്റി വായ്പ തുടങ്ങി എല്ലാ മേഖലകളിലും സഹകരണസ്ഥാപനങ്ങൾ മികച്ച ഇടപെടൽ നടത്തുന്നു.

സംസ്ഥാനത്തെ ജനങ്ങളുടെ സാമ്പത്തികാഭിലാഷങ്ങളിൽ കരിനിഴൽ വീഴ്ത്തിക്കൊണ്ട് സഹകരണരംഗത്ത് കേന്ദ്രസർക്കാർ കടന്നുകയറ്റത്തിന് നടത്തുന്ന ശ്രമത്തിൽനിന്നും പിന്തിരിയണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു."

ശ്രീ. വി. ജോയി ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ മറുപടി നൽകി. തുടർന്ന് പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2021 ആഗസ്റ്റ് 2-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 11.50 - ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.

**FIFTEENTH KERALA LEGISLATIVE ASSEMBLY**

Second Session

# BULLETIN—PART I

( Brief Record of Proceedings )

*Friday, July 30, 2021*

**No. 19**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions* :

Five Questions in the list of Questions posted for the day were answered orally.

(At the commencement of the Question Hour, the Leader of Opposition made a statement demanding the resignation of Minister for General Education and Labour and the members belonging to the opposition shouted slogans and tried to obstruct the proceedings of the House. After the Chief Minister's reply, the members belonging to opposition parties boycotted the rest of the proceedings.)

*Calling Attention* :

1. Smt. K. K. Shailaja Teacher called the attention of the Minister for Law, Industries and Coir to the necessity of a special revitalization package to the unorganized labour sector being in crisis due to Covid. The Minister made a statement thereto.

KNPP. 1174/2021 (ii).

*The Matters under Rule 304* :

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ഡോ. കെ. ടി. ജലീൽ | പ്ലസ് ടു വിദ്യാർത്ഥികളുടെ സ്പെഷ്യൽ ഫീസ് ഒഴിവാക്കുന്നതിന് നടപടി | പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി |
| 2 | ശ്രീ. ഇ. കെ. വിജയൻ | കുറ്റിയാടി - പക്രംതളം - മാനന്തവാടി ചുരം റോഡ് വികസനം | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 3 | ശ്രീ. ഐ. ബി. സതീഷ് | കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനം | ഗതാഗത വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Statement Under Rule 300* :

Shri K. N. Balagopal, Minister for Finance made the following statement under Rule 300, regarding the support package meant for providing assistance to those who have been impacted by the second wave of the Covid pandemic.

"കോവിഡ് രണ്ടാംതരംഗത്തെ തുടർന്ന് അനിവാര്യമായി കൈക്കൊള്ളേണ്ടിവന്ന ലോക്ക്ഡൗണും മറ്റ് നടപടികളും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ബാധിച്ചിട്ടുണ്ട്. ചെറുകിട വ്യാപാരികൾ, ചെറുകിട വ്യവസായികൾ തുടങ്ങിയവർ പ്രത്യേകിച്ച് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്.

ഘട്ടംഘട്ടമായി ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ കോവിഡ് വ്യാപന നിരക്ക് വിലയിരുത്തി ലഘൂകരിക്കുന്നുണ്ടെങ്കിലും ചെറുകിടക്കാർക്ക് സാമ്പത്തികാശ്വാസ നടപടികൾ എത്തിക്കേണ്ടതുണ്ടെന്ന് സംസ്ഥാന സർക്കാർ കരുതുന്നു. കോവിഡ് വ്യാപനത്തിന്റെ രണ്ട് ഘട്ടങ്ങളിലും സമാശ്വാസ പാക്കേജുകൾ സംസ്ഥാന സർക്കാർ മുന്നോട്ടുവച്ചിരുന്നു. ക്ഷേമ പെൻഷനുകൾ കൃത്യമായി വിതരണം ചെയ്യുകയും വായ്പകൾക്ക് പലിശയിളവ് നൽകുകയും ചെയ്യുന്ന നടപടികൾ ഇതിന്റെ ഭാഗമായി സ്വീകരിച്ചിരുന്നു.

കോവിഡ് രണ്ടാം തരംഗത്തിന്റെ പ്രത്യാഘാതമനുഭവിക്കുന്ന ചെറുകിട വ്യാപാരികൾ, വ്യവസായികൾ, കൃഷിക്കാർ എന്നിവരുൾപ്പെടെയുള്ളർക്ക് സഹായകരമായ അനുബന്ധ പാക്കേജ് പ്രഖ്യാപിക്കുകയാണ്.

ഇതിന്റെ ഭാഗമായി കേന്ദ്ര-സംസ്ഥാന ധനകാര്യസ്ഥാപനങ്ങൾ, സംസ്ഥാന ധനകാര്യസ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്നും എടുക്കുന്ന 2 ലക്ഷമോ അതിൽ താഴെയോ ഉള്ള വായ്പകളുടെ പലിശയുടെ 4 ശതമാനം വരെ സംസ്ഥാന സർക്കാർ ആറുമാസത്തേക്ക് വഹിക്കുന്നതാണ്. ആകെ 2,000 കോടി രൂപ വലിപ്പമുള്ള വായ്പാ പദ്ധതിക്കുള്ള പലിശയിളവാണിത്. ഒരു ലക്ഷം പേർക്ക് ഇതിന്റെ പ്രയോജനം ഉണ്ടാകണമെന്ന് ലക്ഷ്യമിടുന്നു. ആഗസ്റ്റ് ഒന്ന് മുതൽ എടുക്കുന്ന വായ്പകൾക്ക് ഈ പലിശയിളവ് ബാധകമാക്കാവുന്നതാണ്.

അതിനോടൊപ്പം സർക്കാർ വാടകയ്ക്ക് നൽകിയ കടമുറികളുടെ വാടക ജൂലൈ മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിലേക്ക് ഒഴിവാക്കുകയാണ്.

ചെറുകിട വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് (എം.എസ്.എം.ഇ.) കെട്ടിടനികുതി ജൂലൈ മുതൽ ഡിസംബർ വരെയുള്ള കാലയളവിലേക്ക് ഒഴിവാക്കുകയാണ്. ഈ സ്ഥാപനങ്ങൾക്ക് ഈ കാലയളവിൽ ഇലക്ട്രിസിറ്റി ഫിക്സഡ് ചാർജ്ജും സർക്കാർ വാടകയും ഒഴിവാക്കുന്നതാണ്.

## <u>കെ.എസ്.എഫ്.ഇ.</u>

കെ.എസ്.എഫ്.ഇ. കൊവിഡ് കാരണം സാമ്പത്തിക പ്രതിസന്ധിയിലായവർക്ക് ആശ്വാസം നൽകുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കും. 20-1-2021 മുതൽ default ആയ കെ.എസ്.എഫ്.ഇ നൽകിയ എല്ലാ ലോണുകളുടെയും പിഴപ്പലിശ സെപ്റ്റംബർ 30 വരെ ഒഴിവാക്കി നൽകും. ചിട്ടിയുടെ കുടിശ്ശികക്കാർക്ക് കാലാവധി അനുസരിച്ച് സെപ്റ്റംബർ 30 വരെയുള്ള അമ്പത് മുതൽ നൂറ് ശതമാനം വരെ പലിശയും പിഴപ്പലിശയും ഒഴിവാക്കി നൽകും. 20-1-2021 മുതൽ default ആയ ചിട്ടി പിടിക്കാത്ത ചിറ്റാളന്മാർക്ക് പലിശയും പിഴപ്പലിശയും ഒഴിവാക്കി നൽകും. 30-9-2021 വരെ ചിട്ടിപിടിച്ച ചിറ്റാളന്മാർക്ക് ഡിവിഡന്റ് നഷ്ടപ്പെട്ടില്ല. കോവിഡ് ബാധിച്ച കുടുംബങ്ങൾക്ക് നൽകുന്ന അഞ്ച് ശതമാനം നിരക്കിൽ ഒരു ലക്ഷം രൂപ വരെ ലോണിന്റെ കാലാവധിയും 30-9-2021 വരെ നീട്ടുന്നു.

## <u>കെ.എഫ്.സി.</u>

കോവിഡ് പശ്ചാത്തലത്തിൽ വ്യവസായ പുനരുജ്ജീവനത്തിനായി കെ.എഫ്.സി. വഴി മൂന്ന് പദ്ധതികൾ പ്രഖ്യാപിക്കുകയാണ്. ജൂലൈയിൽ പ്രഖ്യാപിച്ച പദ്ധതികൾക്ക് പുറമെയാണിത്.

1. സ്റ്റാർട്ടപ്പ് കേരള പദ്ധതി

ഒരു കോടി രൂപ വരെ കോളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ വായ്പ അനുവദിക്കുന്ന 'സ്റ്റാർട്ടപ്പ് കേരള' വായ്പാ പദ്ധതി. ഇതിനായി കെ.എഫ്.സി. 50 കോടി രൂപ മാറ്റിവയ്ക്കും.

2. വ്യവസായ എസ്റ്റേറ്റിലെ സംരംഭങ്ങൾക്കുള്ള പ്രത്യേക വായ്പാ പദ്ധതി

സംസ്ഥാനത്തെ വിവിധ വ്യവസായ എസ്റ്റേറ്റുകളിലെ സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുന്ന പ്രത്യേക വായ്പാപദ്ധതി. 20 കോടി വരെ ഒരു സംരംഭത്തിന് അനുവദിക്കുന്ന ഈ പദ്ധതിയിൽ, 500 കോടി രൂപ മാറ്റിവയ്ക്കും.

3. മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതി രണ്ടാം ഭാഗം

നിലവിലെ മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതിയെ പുനരാവിഷ്കരിക്കും. ഒരു കോടി വരെ 5% പലിശയിൽ വായ്പ നൽകുന്ന ഈ പദ്ധതിയിൽ ഒരു വർഷം 500 സംരംഭം എന്ന കണക്കിൽ, അടുത്ത അഞ്ച് വർഷംകൊണ്ട് 2500 പുതിയ വ്യവസായ യൂണിറ്റുകൾക്ക് വായ്പ അനുവദിക്കും. 50 വയസ്സിൽ താഴെയുള്ള യുവസംരംഭകർക്ക് ആണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. വർഷംതോറും 2000 പുതുസംരംഭകരെ കണ്ടെത്തി അവർക്ക് വേണ്ട പരിശീലനം നൽകി അതിൽ പ്രാപ്തരായവരെ കണ്ടെത്തിയാണ് വായ്പ അനുവദിക്കുക.

നിലവിൽ കോവിഡ്-19-ന്റെ രണ്ടാം തരംഗംമൂലം തുടരുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, ചെറുകിട വ്യവസായങ്ങൾ, ആരോഗ്യപരിപാലനം, ടൂറിസം എന്നീ മേഖലകളിലുള്ള യൂണിറ്റുകളെ സഹായിക്കുന്നതിനായി വിവിധ നടപടികൾ കെ.എഫ്.സി. കൈക്കൊണ്ടുവരുന്നു.

1. ഒരു വർഷം മോറട്ടോറിയം

കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും വായ്പ എടുത്ത് 2021 മാർച്ച് 31 വരെ തിരിച്ചടവ് കൃത്യമായിരുന്ന ചെറുകിട സംരംഭകരുടെ വായ്പകൾക്ക് ബജറ്റിൽ പറഞ്ഞതനുസരിച്ച് ഒരു വർഷത്തെ മോറട്ടോറിയം അനുവദിക്കും. മുതൽ തുകയ്ക്ക് 1-7-2021-ൽ തുടങ്ങി ഒരു വർഷത്തേക്കാണ് അവധി. 820 വായ്പകൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും.

2. വായ്പകളുടെ പുനഃക്രമീകരണം

സംരംഭകരുടെ നിലവിലുള്ള വായ്പകൾ റിസർവ് ബാങ്ക് (RBI) മാർഗ്ഗനിർദേശങ്ങൾക്കനുസൃതമായി നിഷ്ക്രിയ ആസ്തി ആകാതെ പുനഃക്രമീകരണം ചെയ്തു നൽകുന്നതുമാണ്. ഇതിനായി ചാർജുകളോ അധിക പലിശയോ ഈടാക്കുന്നതല്ല. 3000-ത്തോളം വായ്പകൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും.

3. കെ.എഫ്.സി. സംരംഭങ്ങൾക്ക് 20% അധിക വായ്പ

കോവിഡിന്റെ രണ്ടാം തരംഗത്തിൽ വീണ്ടും പ്രതിസന്ധിയിലായ ടൂറിസം, ചെറുകിട മേഖലകളിലെ വ്യവസായങ്ങൾക്കും സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിരുന്നതുപോലെ 20 ശതമാനംകൂടി അധിക വായ്പ വീണ്ടും അനുവദിക്കും. അതായത് കഴിഞ്ഞ വർഷം അനുവദിച്ച 20 ശതമാനം ഉൾപ്പെടെ 40 ശതമാനം അധിക വായ്പ.

ബാങ്കുകളെപോലെ കേന്ദ്ര സർക്കാരിന്റെ ഗ്യാരന്റി ലഭിക്കാത്തതിനാൽ കെ.എഫ്.സി. സ്വന്തംനിലക്കാണ് ഈ പദ്ധതി രൂപീകരിച്ചത്. പദ്ധതിയിൽ മുതൽ തിരിച്ചടവിന് 24 മാസത്തെ സാവകാശം നൽകും. എന്നാൽ ഈ കാലയളവിലും പലിശ അടക്കേണ്ടതിനാൽ, വായ്പയിൽനിന്നും ഇത് തിരിച്ചടക്കുവാനുള്ള സൗകര്യവും ഈ പദ്ധതിയിലുണ്ട്. 400 സംരംഭങ്ങൾക്ക് ഈ ആനുകൂല്യം ലഭിക്കും. കെ.എഫ്.സി. ഇതിനായി 450 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

4. കോവിഡ് പ്രതിരോധത്തിൽ ഏർപ്പെട്ടിട്ടുള്ള വ്യവസായങ്ങൾക്കുള്ള സഹായം

കോവിഡ് രോഗവ്യാപനം തടയാനും രോഗികൾക്ക് ആശ്വാസം നൽകുവാനും സഹായിക്കുന്ന ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്കായി ഉദാരവ്യവസ്ഥയിൽ പദ്ധതി ചെലവിന്റെ 90 ശതമാനം വരെ വായ്പ നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആരോഗ്യ പരിപാലന രംഗത്ത് കോവിഡ് പ്രതിരോധത്തിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ മേഖലകൾക്കും പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

50 ലക്ഷം വരെയുള്ള വായ്പകൾ മുഖ്യമന്ത്രിയുടെ സംരംഭകത്വ പദ്ധതിയിൽ ഉൾപ്പെടുത്തി 7% പലിശയിലാണ് നൽകുന്നത്. 5 വർഷമായിരിക്കും വായ്പാ കാലാവധി. കൂടുതൽ തുകയുടെ ലോണുകളിൽ 50 ലക്ഷം വരെ 7 ശതമാനത്തിലും അതിനുമുകളിൽ റേറ്റിംഗ് അടിസ്ഥാനമാക്കിയും ആണ് പലിശ ഈടാക്കുന്നത്. 10 വർഷം വരെ തിരിച്ചടവ് കാലാവധിയുണ്ട്. 50 സംരംഭങ്ങൾക്കായി 100 കോടി രൂപ ഇതിനായി മാറ്റിവക്കും.

5. പലിശയിളവ്

പലിശ നിരക്ക് കുറച്ച് ചെറുകിട വ്യവസായങ്ങൾ, ആരോഗ്യപരിപാലനം, ടൂറിസം എന്നീ വിഭാഗങ്ങൾക്കുള്ള പലിശയിൽ കെ.എഫ്.സി. വൻഇളവ് വരുത്തി. കുറഞ്ഞ പലിശ 9.5 ശതമാനത്തിൽനിന്നും 8 ശതമാനമായി കുറഞ്ഞു. ഉയർന്ന പലിശ 12 ശതമാനത്തിൽനിന്നും 10.5 ശതമാനമായി കുറഞ്ഞു. റേറ്റിംഗ് അടിസ്ഥാനമാക്കിയാണ് പലിശ നിർണയിക്കുന്നത്.

കുറഞ്ഞ പലിശയുടെ ആനുകൂല്യം 2021 ജൂലൈ 1 മുതൽ എല്ലാ ഇടപാടുകാർക്കും ലഭ്യമാക്കിയിട്ടുണ്ട്. മാത്രമല്ല കഴിഞ്ഞ വർഷം പോളിസി മാറ്റങ്ങളെ തുടർന്ന് ഈടാക്കിയ അധിക പലിശ ഇടപാടുകാർക്ക് തിരികെ നൽകും.

ഇതിനെല്ലാം പുറമെയാണ് രണ്ട് മാസത്തെ ക്ഷേമ പെൻഷൻ ആഗസ്റ്റ് മാസം ഒരുമിച്ച് നൽകുന്നത്. ഇതുവഴി 1700 കോടി രൂപ ജനങ്ങളുടെ കൈയിൽ നേരിട്ട് എത്തും. ഇതിനുപുറമെ ഓണത്തിന് അനുവദിക്കുന്ന സ്പെഷ്യൽ ഭക്ഷ്യ കിറ്റിന് 526 കോടി രൂപ ചെലവാക്കും."

*Private Members' Business* :

I. The Second Report of the Committee on Private Members' Bills and Resolutions was considered and adopted by the House.

II. Resolutions on Matters of general public interest :

(i) Shri M. Vijin moved the following resolution and spoke :

"വിജ്ഞാനം പകർന്നുനല്കുന്നതോടൊപ്പം ജ്ഞാന നിർമ്മിതികൂടി നടക്കേണ്ടതാണ് ഉന്നത വിദ്യാഭ്യാസ രംഗം. ശ്രേണീബദ്ധമായ സമൂഹത്തിലെ യുവതയ്ക്ക് കടമ്പകൾ മറികടക്കാൻ വേണ്ട അവസരം ലഭ്യമാക്കുകയെന്നത് ഉന്നത വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യമാകേണ്ടതാണ്. ജനായത്ത സമൂഹസൃഷ്ടിയുടെ മൂലക്കല്ലാകണം ഉന്നത വിദ്യാഭ്യാസം. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിജ്ഞാനാർജ്ജനത്തിനും നൈപുണിശേഷി വികസനത്തിനും സാംസ്കാരിക വികാസത്തിനുമുള്ള കേന്ദ്രങ്ങളാക്കി വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെയാകണം വിദ്യാഭ്യാസ നയം രൂപീകരിക്കേണ്ടത്.

പൊതുലിസ്റ്റിൽ (കൺകറന്റ് ലിസ്റ്റ്) പെടുന്ന വിദ്യാഭ്യാസത്തെക്കുറിച്ചുള്ള നയ രൂപീകരണം അനിവാര്യമായും സംസ്ഥാനങ്ങളുമായും അക്കാദമിക സമൂഹവുമായും കൂലംകുഷമായ ചർച്ചയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞു വരുന്നതാകണം. ദൗർഭാഗ്യവശാൽ, ദേശീയ വിദ്യാഭ്യാസ നയം 2020, കേന്ദ്രസർക്കാർ ഫെഡറൽ തത്വങ്ങളെ അവഗണിച്ചുകൊണ്ടാണ് രൂപീകരിച്ചിട്ടുള്ളത്.

രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ പട്ടികജാതികളിലും പട്ടികഗോത്രങ്ങളിലും പിന്നാക്ക ജാതികളിലുംപെട്ട പാർശ്വവൽകൃതർക്ക് പങ്കാളിത്തം ഉറപ്പാക്കുന്നതിന് വേണ്ട സംവരണം പ്രസ്തുത നയത്തിൽ വിഭാവനം ചെയ്യാത്തത് ആശങ്കാജനകമാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യവല്കരണം പ്രോത്സാഹിപ്പിക്കുന്നത് പാർശ്വവൽകൃതരെ മുഖ്യധാരയിൽ നിന്ന് പുറന്തള്ളുമെന്നത് അവിതർക്കിതമാണ്. 'Tenure Track' എന്ന പേരിൽ അദ്ധ്യാപക നിയമനം താല്കാലിക കരാർ അടിസ്ഥാനത്തിലാക്കുന്നത് ദീർഘകാല അദ്ധ്യാപന പരിചയത്തിലൂടെയും നിരന്തര ഗവേഷണത്തിലൂടെയും സ്വയംനവീകരണ പ്രക്രിയയിലൂടെയും മികവിന്റെ പാത കൈവരിക്കുന്നതിന് വിഘാതമാണ്. ഇത് അദ്ധ്യാപന, ഗവേഷണ നിലവാരം ഇടിച്ചുതാഴ്ത്താൻ വഴിവയ്ക്കും. ഉന്നത വിദ്യാഭ്യാസ മേഖലയെ പിന്നോട്ടടിപ്പിക്കുന്ന നിലവിലെ ദേശീയ വിദ്യാഭ്യാസ നയം 2020, പിൻവലിച്ച് വിശദമായ ചർച്ചകളുടെയടിസ്ഥാനത്തിൽ രാഷ്ട്രതാല്പര്യം സംരക്ഷിക്കുന്നതിനനുയോജ്യമായ പുതിയ വിദ്യാഭ്യാസ നയം രൂപീകരിക്കണമെന്ന് ഈ സഭ ഏകകണ്ഠമായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. "

Shri K. M. Sachindev took part in the discussion and spoke.

DR. R. Bindu, Minister for Higher Education and Social Justice replied to the points raised in the discussion. Then the resolution was withdrawn by the leave of the House.

(The second resolution listed in the list of Private Members' Resolution was not moved).

(ii) Smt. K. K. Shailaja Teacher moved the following resolution and spoke :

" ഭരണഘടനയിലെ 7-ാം പട്ടിക 32-ാം ഇനപ്രകാരം സഹകരണം, സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ മാത്രംവരുന്ന വിഷയമാണ്.

കേന്ദ്രസർക്കാരിന്റെ അതിതീവ്ര സ്വകാര്യവല്ക്കരണനയത്തിന്റെ ഫലമായി ലയനം വഴിയും നേരിട്ടുള്ള സ്വകാര്യവല്ക്കരണം വഴിയും പൊതുമേഖലാ ബാങ്കുകളുടെ സേവനം സാധാരണക്കാർക്ക്, വിശേഷിച്ച് ഗ്രാമവാസികൾക്ക്, അപ്രാപ്യമായിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ കർഷകരുടെയും കാർഷിക മേഖലയുടെയും കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെയും പൊതുവിൽ ദരിദ്രജനവിഭാഗങ്ങളുടെയാകെ ആശ്രയമായ സഹകരണമേഖലയിൽ കേന്ദ്രസർക്കാരിന്റെ ഭരണഘടനാതീതമായ ഇടപെടൽ സഹകാരികളിലാകെ ആശങ്ക പരത്തിയിരിക്കുന്നു. ബഹു. സുപ്രീംകോടതിതന്നെ സഹകരണരംഗത്ത് കേന്ദ്രസർക്കാരിന്റെ ഇടപെടൽ ഭരണഘടനാതീതമെന്ന് അസന്ദിഗ്ദ്ധമായി വ്യക്തമാക്കിയ സാഹചര്യത്തിൽ കേന്ദ്രസർക്കാർ പുതുതായി സഹകരണ മന്ത്രാലയം രൂപീകരിച്ചത് വൈദ്യനാഥൻ കമ്മിറ്റി മുതൽ നടത്തിയ അധികാര ദുർവിനിയോഗം ആവർത്തിക്കുന്നതിനാണെന്ന് സംശയിക്കപ്പെട്ടുമ്പോൾ സഹകരണം പൊതു പട്ടികയിലേക്ക് (കൺകറന്റ് ലിസ്റ്റ്) മാറ്റാൻ നീക്കം നടക്കുന്നുവെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത് സഹകാരികളുടെയും പൊതുജനങ്ങളുടെയാകെയും ആശങ്ക വർദ്ധിപ്പിച്ചിരിക്കുന്നു.

സംസ്ഥാനത്ത സഹകരണമേഖല കേവലം പണമിടപാട് സ്ഥാപനമല്ല. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളാൽ നിയന്ത്രിക്കപ്പെടുന്ന സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ, വ്യക്തിഗത ആവശ്യങ്ങളെ കൂട്ടായ്മകളിലൂടെ നേരിട്ടാൽ ദാരിദ്ര്യവും പട്ടിണിയുമില്ലാതാക്കാമെന്ന ആഗോള കാഴ്ചപ്പാടിനനുസൃതമായി പ്രവർത്തിക്കുന്നവയാണ്. അതുകൊണ്ട് കേവലം വായ്പ ഇടപാട് മാത്രമല്ല, പട്ടികജാതി-പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ ഉന്നമനം, സ്ത്രീശാക്തീകരണത്തിന്റെ അടിത്തറയായ സാമ്പത്തിക സ്വയംപര്യാപ്തത ആർജ്ജിക്കാൻ വഴിതെളിക്കൽ, കൃഷിയെയും

കാർഷികാധിഷ്ഠിത വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കൽ, കാർഷികോല്പന്നങ്ങളുടെ വിപണനം, പൊതുവിപണിയിലെ വിലനിയന്ത്രണം തുടങ്ങി ജനജീവിതത്തിലെ സമസ്തമേഖലയിലും ജനോപകാരപ്രദമായി പ്രവർത്തിച്ചുവരികയാണ്. സംസ്ഥാനത്തിന്റെ സുസ്ഥിരവികസനം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണച്ചുമതല, കെ.എസ്.ആർ.ടി.സി.-യിൽനിന്ന് വിരമിച്ചവർക്ക് വേണ്ടിവരുന്ന തുക വായ്പയായി നല്കുക, ബ്ലേഡ് പലിശക്കാരെ ഒഴിവാക്കാൻ 'മുറ്റത്തെ മുല്ല', പ്രളയത്തിൽ ഭവനരഹിതരായവർക്ക് 'കെയർഹോം' പദ്ധതിയിലൂടെ സൗജന്യമായി വീട് നിർമ്മിച്ച് നല്കുക, ഓൺലൈൻ പഠനത്തിന് വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിന് പലിശരഹിതമായി വായ്പ നല്കുക, 'സുഭിക്ഷകേരളം', മുഖ്യമന്ത്രിയുടെ സഹായ വായ്പാ പദ്ധതി, പ്രത്യേക ലിക്വിഡിറ്റി ഫെസിലിറ്റി വായ്പ തുടങ്ങി എല്ലാ മേഖലകളിലും സഹകരണസ്ഥാപനങ്ങൾ മികച്ച ഇടപെടൽ നടത്തുന്നു.

സംസ്ഥാനത്തെ ജനങ്ങളുടെ സാമ്പത്തികാഭിലാഷങ്ങളിൽ കരിനിഴൽ വീഴ്ത്തിക്കൊണ്ട് സഹകരണരംഗത്ത് കേന്ദ്രസർക്കാർ കടന്നുകയറ്റത്തിന് നടത്തുന്ന ശ്രമത്തിൽനിന്നും പിന്തിരിയണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു."

Shri V. Joy took part in the discussion and spoke.

Shri V. N. Vasavan, Minister for Co-operation and Registration replied to the points raised in the discussion. Then the resolution was withdrawn by the leave of the House.

The House adjourned at 11.50 a.m. to meet again at 9.00 a.m. on Monday August 2, 2021.

S. V. UNNIKRISHNAN NAIR,
Secretary.